REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-08-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ഹൃദയങ്ങളെ കോർത്തിണക്കി, പൈതൃകത്തെ ആഘോഷമാക്കി മലയാളികൾക്ക് ഇന്ന് തിരുവോണം.
- സന്തോഷവും ഒരുമയും ശക്തിപ്പെടുത്തുന്ന സമൃദ്ധിയുടെ ആഘോഷമാവട്ടെ ഓണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- സർവ മേഖലകളിലും മുൻനിരയിലെത്താൻ ഇന്ത്യ ആഭ്യന്തര സുരക്ഷ കൂടുതൽ ശക്തമാക്കേണ്ടതുണ്ടെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ
- സംസ്ഥാനത്ത് എക്സ്പീരിയൻഷ്യൽ ടൂറിസത്തിന് കൂടുതൽ പ്രാധാന്യം നൽകുമെന്ന് മന്ത്രി പിസി വിഷ്ണുനാഥ്.
- കൊളംബോയിൽ, ഇന്ത്യക്കെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഫോളോ ഓൺ വഴങ്ങി ശ്രീലങ്ക.

## വാർത്തകൾ വിശദമായി

അല്ലലില്ലാത്ത നല്ലകാലത്തിന്റെ ഓർമപുതുക്കി മലയാളികൾ തിരുവോണം ആഘോഷിക്കുന്നു. കേരളത്തിന്റെ കാർഷികോത്സവം കെങ്കേമമായി കൊണ്ടാടുകയാണ് ലോകമെങ്ങുമുള്ള മലയാളികൾ. ശബരിമല, ആറന്മുള, ഗുരുവായൂർ തുടങ്ങിയ ക്ഷേത്രങ്ങളിൽ ഓണത്തോടനുബന്ധിച്ച പ്രത്യേക പൂജകൾ നടക്കുന്നു. സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ വൻ ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്.

തിരുവോണദിനം ഉച്ചയോടടുത്തതോടെ വിഭവസമൃദ്ധമായ ഓണസദ്യ ഒരുക്കുന്ന തിരക്കിലാണ് മലയാളി അടുക്കളകൾ. വിനോദ സഞ്ചാര

വകുപ്പിന്റെ ജില്ലാതല ആഘോഷ ങ്ങൾക്കൊപ്പം സംസ്ഥാനത്തിനകത്തും പുറത്തും കലാ-സാംസ്കാരിക പരിപാടികളും പരമ്പരാഗത വിനോദങ്ങളും തുടരുകയാണ്.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമു ഓണാശംസകൾ നേർന്നു. പുതിയ വിളവെടുപ്പ് കാലത്തിന്റെ വരവിൽ പ്രകൃതിയോട് നന്ദി പ്രകടിപ്പിക്കാനുള്ള അവസരമാണ് ഓണമെന്ന് രാഷ്ട്രപതി തന്റെ സന്ദേശത്തിൽ പറഞ്ഞു.

സമ്പന്നമായ സംസ്കാരത്തെയും സാഹോദര്യ മനോഭാവത്തെയും ആഘോഷിക്കുന്ന ഓണം, നാനാത്വത്തിൽ ഏകത്വം പ്രോത്സാഹിപ്പിക്കുന്നുവെന്ന് രാഷ്ട്രപതി അഭിപ്രായപ്പെട്ടു. ഓണം എല്ലാവർക്കും സന്തോഷവും സമാധാനവും ആരോഗ്യവും സമൃദ്ധിയും നൽകുമെന്നും, രാജ്യത്തിന്റെ പുരോഗതിക്കായി സംഭാവന നൽകാൻ പൗരന്മാർക്ക് പ്രചോദനമാകുമെന്നും രാഷ്ട്രപതി പ്രത്യാശ പ്രകടിപ്പിച്ചു.

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി VD സതീശൻ, പ്രതിപക്ഷ നേതാവ് പിണറായി വിജയൻ തുടങ്ങിയവരും മലയാളികൾക്ക് ഓണാശംസ നേർന്നു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങൾക്ക് ഓണാശംസ നേർന്നു. സന്തോഷവും ഒരുമയും ശക്തിപ്പെടുത്തുന്ന സമൃദ്ധിയുടെ ആഘോഷമാവട്ടെ ഓണമെന്ന് പ്രധാനമന്ത്രി ആശംസിച്ചു. സമൂഹമാധ്യമമായ എക്സിലാണ് മോദിയുടെ ആശംസ. ലോകമെമ്പാടും വലിയ ആവേശത്തോടെ ആഘോഷിക്കപ്പെടുന്ന ഊർജസ്വലമായ ഉത്സവമാണിതെന്ന് പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ആഭ്യന്തരമന്ത്രി അമിത് ഷാ മലയാളികൾക്ക് ഓണാംശംസ നേർന്നു. സന്തോഷകരമായ ഈ വേള എല്ലാവർക്കും സമാധാനവും സമൃദ്ധിയും ക്ഷേമവും നിറഞ്ഞ ഒരു വർഷം സമ്മാനിക്കട്ടെയെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ ആശംസിച്ചു.

✪✪✪

മുഖ്യമന്ത്രി വി ഡി സതീശനും ഓണാശംസകൾ നേർന്നു. ജാതിമത വർണ്ണ വ്യത്യാസങ്ങൾക്കതീതമായി എല്ലാ മലയാളികളും ഒരുമിക്കുന്ന അതിമനോഹരവും അപൂർവ്വവുമായ ആഘോഷമാണ് ഓണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

തിരുവോണപ്പുലരിയിൽ ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ വൻ ഭക്തജനത്തിരക്ക്. ഭഗവാന് ഓണപ്പുടവ സമർപ്പിക്കുന്നതിനും തിരുവോണ സദ്യയിൽ പങ്കെടുക്കുന്നതിനും പുലർച്ചെ മുതൽ നീണ്ട ക്യൂവാണ് അനുഭവപ്പെടുന്നത്.

✪✪✪

പ്രസിദ്ധമായ തൃക്കാക്കര തിരുവാമനമൂർത്തി ക്ഷേത്രത്തിൽ പത്തുദിവസമായി നടന്നുവന്ന തിരുവോണ മഹോത്സവം ഇന്ന് ഭക്തിനിർഭരമായ ചടങ്ങുകളോടെ സമാപിക്കും. നൂറു കണക്കിന് ഭക്തരാണ് തിരുവോണ നാളിൽ ക്ഷേത്രത്തിലെത്തിയത്.

രാവിലെ സോപാനസംഗീതത്തോടെ ആഘോഷങ്ങൾക്ക് തുടക്കമായി. തുടർന്ന് മഹാബലി എതിരേൽപ്പും 9 ഗജവീരന്മാർ അണിനിരന്ന ശ്രീബലിയും നടന്നു.പാചകവിദഗ്ദ്ധൻ പഴയിടം മോഹനൻ നമ്പൂതിരി ഒരുക്കുന്ന തിരുവോണസദ്യയും ആരംഭിച്ചിട്ടുണ്ട്.

വൈകുന്നേരം 4:30-ന് കൊടിയിറക്കലും തിരുവാറാട്ടും ഭക്തിഗാനമേളകളും നടക്കും. വൈകിട്ട് ആറിന് 9 ആനകളുടെ അകമ്പടിയോടെ ആറാട്ടെഴുന്നള്ളിപ്പും രാത്രി 11:00-ന് ആറാട്ടെഴുന്നള്ളിപ്പ്എതിരേൽപ്പും നടക്കും. തുടർന്ന് വർണ്ണാഭമായ വെടിക്കെട്ടോടെ ഉത്സവം കൊടിയിറങ്ങും.

✪✪✪

തിരുവോണ നാളിലെ നോവുന്നൊരോർമ്മയാണ് ആറന്മുള ദേശക്കാർക്ക് മുറം ചൂടിയ മുത്തശ്ശി. കാരണവർമാർ ചെയ്ത തെറ്റിന് പ്രായശ്ചിത്തമായി തിരുവോണനാളിൽ തിരുവാറൻമുളയപ്പന് മുന്നിൽ ഉണ്ണാവ്രതമനുഷ്ടിക്കുകയാണ് ആറന്മുളയിലെ മൂന്ന് നമ്പൂതിരി ഇല്ലങ്ങളിലെ കാരണവൻമാർ.

വിവരങ്ങളുമായി പത്തനംതിട്ടയിൽ നിന്ന് ശ്രീജി എസ് ശ്രീധർ.

(വോയ്സ്)

✪✪✪

സർവ മേഖലകളിലും മുൻനിരയിലെത്താൻ ഇന്ത്യ ആഭ്യന്തര സുരക്ഷ കൂടുതൽ ശക്തമാക്കേണ്ടതുണ്ടെന്ന് കേന്ദ്ര മന്ത്രി അമിത് ഷാ പറഞ്ഞു. ന്യൂഡൽഹിയിൽ

'നാഷണൽ സെക്യൂരിറ്റി സ്ട്രാറ്റജീസ് കോൺഫറൻസി'ന്റെ സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

2047-ഓടെ വികസിത ഭാരതം എന്ന ലക്ഷ്യത്തിൽ മുന്നേറുന്ന ഇന്ത്യയുടെ അടിസ്ഥാന മുൻഗണന ശക്തമായ ആഭ്യന്തര സുരക്ഷയാണെന്ന് അമിത്ഷാ പറഞ്ഞു.

ലഹരിമരുന്ന്, നക്സലിസം, വടക്കുകിഴക്കൻ മേഖലയിലെ വെല്ലുവിളികൾ എന്നിവ പ്രതിസന്ധികളായി മാറുന്നതിന് മുൻപ്, മുൻ ഗവൺമെന്റുകൾ തിരിച്ചറിഞ്ഞിരുന്നെങ്കിൽ പതിറ്റാണ്ടുകളോളം രാജ്യത്തിന് അതിന്റെ പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുമായിരുന്നില്ലെന്ന് അമിത്ഷാ അഭിപ്രായപ്പെട്ടു. ആഭ്യന്തര സുരക്ഷാ രംഗത്തെ ഈ മൂന്ന് പ്രധാന മേഖലകളിലെയും കടുത്ത വെല്ലുവിളികളെ ഗവെൺമെന്റ് ഇന്ന് അതിജീവിച്ചിട്ടുണ്ടെന്നും അമിത് ഷാ പറഞ്ഞു.

✪✪✪

കേരളത്തിന്റെ പേര് 'കേരളം' എന്നാക്കി കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഔദ്യോഗിക വിജ്ഞാപനം പുറപ്പെടുവിച്ചു. ആഗസ്റ്റ് 11-ന് ലോക്സഭയിലും തൊട്ടടുത്ത ദിവസം രാജ്യസഭയിലും 'കേരള പേരുമാറ്റ ബിൽ' പാസാക്കിയതിനെത്തുടർന്നാണ് മന്ത്രാലയം ഇന്നലെ ഔദ്യോഗിക വിജ്ഞാപനം പുറപ്പെടുവിച്ചത്. ഈ മാസം ആദ്യം ബില്ലിന് രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകാരം നൽകിയതോടെയാണ് ബിൽ നിയമമായി മാറിയത്.

✪✪✪

കേരളത്തിന്റെ സംസ്കാരവും ജീവിതരീതികളും കലാരൂപങ്ങളും നേരിട്ടറിയാൻ അവസരമൊരുക്കുന്ന എക്സ്പീരിയൻഷ്യൽ ടൂറിസത്തിന് കൂടുതൽ പ്രാധാന്യം നൽകുമെന്ന് മന്ത്രി പിസി വിഷ്ണുനാഥ് പറഞ്ഞു. ഓണാഘോഷ പരിപാടികളുടെ കൊല്ലം ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

തദ്ദേശീയ ജീവിതവുമായി സഞ്ചാരികളെ കൂടുതൽ അടുപ്പിക്കുന്ന ടൂറിസം പദ്ധതികൾക്ക് ഗവൺമെന്റ് പൂർണ പിന്തുണ നൽകുമെന്നും പുലികളി മത്സരത്തിൽ പങ്കെടുക്കുന്ന സംഘങ്ങളുടെ ധനസഹായം ഒരു ലക്ഷം രൂപയായി വർധിപ്പിച്ചതായും മന്ത്രി പറഞ്ഞു.

✪✪✪

കൊളംബോയിൽ, ഇന്ത്യക്കെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ശ്രീലങ്ക ഫോളോ ഓൺ വഴങ്ങി. നാലാം ദിനം ബാറ്റിംഗ് പുനരാരംഭിച്ച ശ്രീലങ്ക 290 റൺസിന് പുറത്താവുകയായിരുന്നു. രണ്ടാം ഇന്നിങ്സിൽ ഉച്ചഭക്ഷണ ഇടവേളയ്ക്ക് പിരിയുമ്പോൾ 22 ഓവറിൽ 2 വിക്കറ്റിന് 83 റൺസ് എന്ന നിലയിലാണ് ശ്രീലങ്ക.

✪✪✪

തിരുവനതപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് രണ്ട് മത്സരങ്ങൾ. കാര്യവട്ടം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിൽ ഉച്ചകഴിഞ്ഞ് 2.30ന് തൃശൂർ ടൈറ്റൻസ് - ഏരീസ് കൊല്ലത്തെയും വൈകീട്ട് 6.30ന് കൊച്ചി ബ്ലൂ ടൈഗേഴ്സ് - ആലപ്പി റിപ്പിൾസിനെയും നേരിടും.

ഇന്നലെ നടന്ന മത്സരത്തിൽ ട്രിവാൺഡ്രം റോയൽസിനെ തൃശൂർ ടൈറ്റൻസ് പരാജയപ്പെടുത്തിയിരുന്നു.

✪✪✪

കണ്ണൂർ എളയാവൂരിൽ ദേശീയപാത 66 ന്റെ മണ്ണിടിഞ്ഞ ഭാഗം പ്രതിപക്ഷ നേതാവ് പിണറായി വിജയൻ, സി. സദാനന്ദൻ മാസ്റ്റർ എം.പി എന്നിവർ സന്ദർശിച്ചു. രാവിലെയാണ് ഇരുവരും എളയാവൂരിൽ എത്തിയത്.

കണ്ണൂരിൽ നിന്ന് കെ ഒ ശശിധരൻ.

✪✪✪

ജില്ലാതല ഓണാഘോഷത്തിന്റെ ഭാഗമായി തിരുവോണദിനമായ ഇന്ന് കോഴിക്കോട്ടെ വിവിധ വേദികളിൽ കലാപരിപാടികൾ നടക്കും.

ബീച്ച് ഫ്രീഡം സ്ക്വയർ ഓപ്പൺ സ്റ്റേജിൽ നരേഷ് അയ്യർ, സുനിൽകുമാർ എന്നിവരുടെ സംഗീത പരിപാടി, ധ്വനിതരംഗ് കൊച്ചിയുടെ ഡാൻസ് മാനിയ എന്നിവ അരങ്ങേറും. ഭട്ട് റോഡ് ബീച്ചിൽ എം സ്വാതികയുടെ കുച്ചിപ്പുടി, മുഹമ്മദ് അസ്‌ലമിന്റെ ബോളിവുഡ് ഹിറ്റ്സ് എന്നിവയാണ് ഇന്നത്തെ പരിപാടികൾ.

✪✪✪

ലപ്പുറം ജില്ലാ ഭരണകൂടത്തിന്റെയും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഓണാഘോഷത്തിന് ഇന്ന് തുടക്കമാകും. വൈകീട്ട് ആറിന് കോട്ടക്കുന്ന് ടൂറിസം പാർക്കിൽ മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം നിർവഹിക്കും.

✪✪✪

കോടമഞ്ഞിൽ കുളിച്ച് നിൽക്കുന്ന മൂന്നാറിലെത്തുന്ന സഞ്ചാരികൾക്ക് മനോഹരമായ പൂക്കാലക്കാഴ്ച. പച്ചപ്പിനിടയിൽ പൂത്തുലഞ്ഞ ചെറി ബ്ലോസം പൂക്കളാണ് കണ്ണിന് കുളിർമയേകുന്ന കാഴ്ച സമ്മാനിക്കുന്നത്.

വിവരങ്ങളുമായി ഇടുക്കിയിൽ നിന്നും രതീഷ് കൃഷ്ണൻ. (വോയ്സ്)

✪✪✪

2022-2024 വർഷത്തെ പരമ്പരാഗത നാളികേര കർഷക ദേശീയ പുരസ്കാരത്തിന് കാർഷികസംരംഭക താനാളൂർ കെ. പുരം ഡ്രീംസിലെ പി.ടി. സുഷമ അർഹയായി.

---

Edited by: എ വി ഫർദിസ്

News Reader: സാലിം കോഡൂർ

News Team: അബ്ദുൽ കബീർ, സിയാബ്

DEO: ഹബീബ്